# എല്ലാ പുരുഷന്മാർക്കുമുള്ള പ്രത്യേക മുന്നറിയിപ്പ്

സാക് പുന്നൻ

# WFTW Malayalam 22 April 2012

www.jeevamozhikal.org

**ന്യാ**യാധിപന്മാരുടെ പുസ്തകം 13-ാം അദ്ധ്യായത്തിൽ സന്താനങ്ങൾ ഇല്ലാതിരുന്ന മനോഹയുടെ കുടുംബത്തെക്കുറിച്ചു വായിക്കുന്നു.ഒരു നാൾ യഹോവയുടെ ദൂതൻ അവർക്കു പ്രത്യക്ഷനായി അവർക്ക് ഒരു മകൻ ജനിക്കുമെന്നും അവനെ നാസീറായി വളർത്തണമെന്നും അറിയിച്ചു.പിന്നീടു ശിംശോൻ ജനിച്ചു.ദൈവം അവനെ അനുഗ്രഹിക്കുകയും ദൈവത്തിന്റെ ആത്മാവ് അവനിൽ വരികയും ചെയ്തു(ന്യായാ.13:25).

അഭിഷേകം- അതായിരുന്നു ഈ നേതാക്കന്മാരുടെ ശക്തിക്കു പിന്നിലുള്ള രഹസ്യം.എന്നാൽ നിർഭാഗ്യവശാൽ ശിംശോൻ തന്റെ ജീവിതാരംഭത്തിൽ തന്നെ പിൻമാറ്റത്തിലാകുന്നതായി നാം വായിക്കുന്നു.സുന്ദരിയായ ഒരു സ്ത്രീയെ കണ്ടാൽ അവനു തന്റെ ദുർമ്മോഹം നിയന്ത്രിക്കുവാൻ കഴിയാതെ വരുന്നു.ദൈവത്തെ സ്നേഹിക്കുവാനുള്ള തന്റെ വിളിയെല്ലാം മറന്ന് അവൻ ആ സ്ത്രീയുടെ പിന്നാലെ പോകുന്നു. സുന്ദരിയാണെങ്കിൽ അവൾ യെഹൂദാ സ്ത്രീയോ പുറജാതിക്കാരിയോ എന്ന നോട്ടമൊന്നും അവനില്ലായിരുന്നു.ഈയൊരു ബലഹീനത അവന്റെ ജീവിതകാലം മുഴുവൻ തുടർന്നു.ദൈവം അവനെ ഉപയോഗിച്ചു എന്നതിൽ സംശയമില്ല.എന്നാൽ ഇന്നുള്ള പല പ്രസംഗകരെയും പോലെ സ്ത്രീകൾ അവന് ഒരു ബലഹീനതയായിരുന്നു.ശിംശോന്റെ പെരുമാറ്റം യോസേഫിന്റേതിൽ നിന്നു തികച്ചും വ്യത്യസ്തമായിരുന്നു.യോസഫ് ന്യായപ്രമാണത്തിനു കീഴിൽ ജീവിച്ചവനും ശിംശോനെക്കാൾ കുറച്ചു മാത്രം ദൈവവഴികളെ അറിഞ്ഞവനുമാണ്.അവൻ ദൈവത്തിന്റെ നീതിയോടൊപ്പം തുടർമാനം നിന്നു.അതിനാൽ തന്നെ ദൈവം വർഷങ്ങളോളം ചെറുപ്പക്കാർക്കുള്ള പ്രത്യേക ഉദാഹരണമായി അവനെ നിർത്തിയിരിക്കുന്നു.അതുപോലെ ശിംശോനെയും എല്ലാപുരുഷന്മാർക്കുമുള്ള പ്രത്യേക മുന്നറിയിപ്പായി നിർത്തിയിരിക്കുന്നു.

ന്യായാധിപന്മാർ 14:5,6ൽ 'ശിംശോൻ നിമ്നയിലേക്കു പോയി. ഒരു ബാലസിംഹം അവന്റെ നേരെ അലറി വന്നു.അപ്പോൾ യഹോവയുടെ ആത്മാവ് അവന്റെ മേൽ വന്നു.അവൻ അതിനെ കീറിക്കളഞ്ഞു.'നാം ഒരു കടലാസു കഷണം കീറുന്നതു പോലെ ശിംശോൻ സിംഹത്തെ കീറി മുറിക്കുമായിരുന്നു.ഈ കാര്യം തന്റെ മാതാപിതാക്കളടക്കം ആരോടും അവൻ പറഞ്ഞില്ല.അത്രമാത്രം അവൻ താഴ്മയുള്ളവനായിരുന്നു.പരിശുദ്ധാത്മാവിന്റെ ശക്തിയാലാണ് ഇങ്ങനെ ചെയ്യാൻ സാധിക്കുന്നതെന്ന് ശിംശോൻ അറിഞ്ഞിരുന്നു.ശിംശോൻ ഇഷ്ടപ്പെട്ട ഫെലിസ്ത്യ യുവതിയെ അവനു വിവാഹം ചെയ്തു കൊടുക്കുവാൻ അവന്റെ പിതാവ് ആ യുവതിയുടെ വീട്ടിലേക്കു പോകുന്നതായി നാം ന്യായാധിപന്മാർ 12:10ൽ വായിക്കുന്നു.യിസ്രായേൽ മക്കൾ പുറജാതിക്കാരെ വിവാഹം കഴിക്കരുതെന്നുള്ള ദൈവിക നിയമത്തിന്റെ നഗ്നമായ ലംഘനമായിരുന്നു ഈ പ്രവൃത്തി.ശിംശോന്റെ ആത്മീയ നിലവാരം ഉയർന്നും താഴ്ന്നും ഉള്ളതായിരുന്നു.ചിലപ്പോൾ ഉയർന്ന നിലവാരത്തിലും പലപ്പോഴും താഴ്ന്ന നിലയിലുമുള്ള ജീവിതം.

ന്യായാധിപന്മാർ 16:1ൽ അവൻ ഗസയിലേക്ക് പോകുന്നതായി നാം വായിക്കുന്നു.അവിടെ അവൻ കണ്ട് ആകർഷിക്കപ്പെട്ട ഒരു വേശ്യയുമായി വ്യഭിചാരത്തിൽ ഏർപ്പെടുന്നതായും നാം വായിക്കുന്നു.പിന്നീട് അവൻ ദെലീലാ എന്ന ഫെലിസ്ത്യ യുവതിയെ കണ്ട് അവളുമായി പ്രേമബന്ധത്തിലാകുന്നു(ന്യായാ.16:4).ദൈവം ഒരുവന്റെ മനസ്സാക്ഷിയോട് പല തവണ സംസാരിച്ചിരിക്കാം.എന്നാൽ അവൻ അതു ചെവിക്കൊണ്ടില്ല.ഒരു പക്ഷേ ഇന്നുള്ള പലരേയും പോലെ ദൈവം അവനെ ഉപയോഗിക്കുന്നു എന്ന വസ്തുതയിൽ അവൻ സന്തോഷിച്ചിരിക്കാം.അന്ത്യ നാളിൽ പലരും ദൈവത്തിന്റെ അടുക്കൽ വന്നു തങ്ങളെ പല ശുശ്രൂഷയ്ക്കായി ഉപയോഗിച്ചതായി ദൈവത്തെ ഓർപ്പിക്കും.എന്നാൽ ദൈവം അവരെ നരകാഗ്നിയിലേക്കു തള്ളിക്കളയും.കാരണം അവരുടെ സ്വകാര്യജീവിതം പാപത്തിലാണ് കഴിഞ്ഞത്(മത്തായി 7:22,23).ദൈവത്തിന്റെ സൗമ്യമായ മുന്നറിയിപ്പുകളെ അവഗണിച്ചാൽ നമ്മളും ആ പ്രസംഗകരെപ്പോലെ നശിപ്പിക്കപ്പെടും. ഒടുവിൽ ശിംശോൻ ദെലീലയുടെ മടിയിൽ തലവച്ച് തന്റെ ശക്തിയുടെ രഹസ്യം അവളോടു വെളിപ്പെടുത്തുന്നു.അവൾ തന്ത്രപൂർവം അവന്റെ മുടി മുറിക്കുകയും അതോടെ അവന്റെ ശുശ്രൂഷ അവസാനിക്കുകയും ചെയ്തു.എത്ര വലിയ ഒരു ദുരന്തം!ശക്തനായ ഒരു വിമോചകൻ ആകേണ്ട മനുഷ്യൻ അവന്റെ മോഹങ്ങൾക്കും വികാരങ്ങൾക്കും അടിമയായിത്തീർന്നു.

1 കൊരിന്ത്യർ 9:27 ൽ പൗലൊസ് പറയുന്നു:'മറ്റുള്ളവരോടു പ്രസംഗിച്ചശേഷം ഞാൻ തന്നെ കൊള്ളരുതാത്തവനായി പോകാതിരിക്കേണ്ടതിന് എന്റെ ശരീരത്തെ ദണ്ഡിപ്പിച്ച് അടിമയാക്കുകയത്രേ ചെയ്യുന്നത്'. മറ്റൊരു പരിഭാഷയിൽ ഇങ്ങനെ ലളിതമായി പറയുന്നു:'എന്റെ ശരീരം എന്തു ചെയ്യണമോ അതു ഞാൻ ചെയ്യിക്കുന്നു.അല്ലാതെ ശരീരം ആഗ്രഹിക്കുന്നതെന്തും ചെയ്യുന്നില്ല'.അതിന്റെ അർഥം ശരീരത്തിന് ആഗ്രഹമുള്ളതെന്തും ഭക്ഷിക്കാതെ ശരീരത്തിന് ആവശ്യമുള്ളതു മാത്രം ഭക്ഷിക്കണം. ശരീരത്തിന് ആവശ്യമുള്ള അളവിൽ മാത്രം ഉറങ്ങണം.നമ്മുടെ കണ്ണിനെ നാം നിയന്ത്രിക്കണം.ആഗ്രഹിക്കുന്നതെന്തും കാണാതെ കാണേണ്ടതു മാത്രം കാണുക.പറയാൻ തോന്നുന്നതെല്ലാം പറയാതെ ആവശ്യമുള്ളതു മാത്രം പറയുവാൻ തക്കവണ്ണം നാവിനെ നിയന്ത്രിക്കുക.വലിയ വലിയ കാര്യങ്ങളൊക്കെ പ്രസംഗിച്ചിട്ട് നമ്മുടെ ജഡിക വികാരങ്ങളെ നിയന്ത്രിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ അന്ത്യനാളിൽ ദൈവം നമ്മെ തള്ളിക്കളയും.ജഡിക ഇച്ഛയെ അച്ചടക്കത്തോടെ നിർത്തുന്നതിന് അത്രമാത്രം പ്രാധാന്യമുണ്ട്.അനേകരെ അനുഗ്രഹിക്കുവാൻ തക്ക മഹത്തായ ഒരു ശുശ്രൂഷ ഉണ്ടായിരുന്ന ശിംശോന്റെ കഥയിൽ നിന്നും നമുക്കു ലഭിക്കുന്ന സന്ദേശമതാണ്.പല വലിയ പ്രസംഗകരും സുന്ദരികളായ സ്ത്രീകളുടെ സൗന്ദര്യത്തിന് ഇരയായി തീർന്നിട്ടുണ്ട്.അങ്ങനെയുള്ളവരുടെ കഴിവുകളിലോ അവരുടെ സംഘടനയുടെ വലിപ്പത്തിലോ ആകർഷിക്കപ്പെടരുത്.

ഒരു വിശ്വാസി പാപത്തിൽ വീഴുന്നതിനെക്കാൾ വളരെ ഗുരുതരമാണ് ഒരു നേതാവ് പാപത്തിൽ വീഴുന്നത്.അധികം ലഭിച്ചവരിൽ നിന്ന് അധികം പ്രതീക്ഷിക്കുന്നു.എതിർ ലിംഗത്തിൽ പെട്ടവരുമായുള്ള ബന്ധത്തിൽ വിശ്വസ്തനല്ലെങ്കിൽ നിങ്ങൾ ഒരിക്കലും ഒരു മൂപ്പനോ നേതാവോ ആകാൻ ശ്രമിച്ച് ദൈവനാമത്തിന് നിന്ദയുണ്ടാക്കരുത്.പാപത്തിൽ ജീവിച്ചുകൊണ്ട് നിങ്ങൾ ഒരു വിശുദ്ധനാണെന്നു തെറ്റിദ്ധരിപ്പിക്കരുത്.നിങ്ങൾ അങ്ങനെ തന്നെ തുടർന്നാൽ ഒരു നാൾ ദൈവം നിങ്ങളെ പരസ്യമായി തുറന്നു കാട്ടും.നിങ്ങളുടെ പാപങ്ങളെ മറ്റുള്ളവർ കാണാതെ മറയ്ക്കുവാൻ നിങ്ങൾ സമർത്ഥനാണെന്നു സ്വയം കരുതുന്നുണ്ടാകാം.എന്നാൽ നിങ്ങൾ ദൈവത്തെക്കാൾ മിടുക്കനല്ല.ഇതുവരെ തുറന്നു കാണിക്കപ്പെട്ടതിനെക്കാൾ അധികമായി അവിടുന്നു നിങ്ങളെ തുറന്നു കാട്ടും.

മൊഴിമാറ്റം-സാജു ജോസഫ്